1889-ലെ റോയൽ കോടതിവിധി: ആഘോഷിക്കാൻ എന്തിരിക്കുന്നു?

ഡോ. എം. കുര്യൻ തോമസ്

മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന പാലക്കുന്നത്ത് മാർ മാത്യൂസ് അത്താനാസ്യോസ് 1877-ൽ കാലംചെയ്തതിനേത്തുടർന്ന് ആ സ്ഥാനത്തിന്റെ പിന്തുടർച്ചാവകാശത്തപ്പറ്റി ഉണ്ടായ സിവിൽ വ്യവഹാരത്തിന്റെ അന്തിമവിധിയാണ് *1889-ലെ റോയൽകോർട്ടുവിധി* എന്ന് സഭാചരിത്രത്തിൽ സുവിദമായിരിക്കുന്നത്. *മലങ്കര മാർത്തോമ്മാ സഭ* എന്നു പിൽക്കാലത്ത് അറിയപ്പെട്ട *നവീകരണ സുറിയാനി സഭ*യുടെ സ്ഥാപനത്തിന് കാരണഭൂതമായ ഈ വ്യവഹാരം ആ അർത്ഥത്തിൽ മാത്രമല്ല, മറ്റു പല കാരണങ്ങളാലും പ്രാധാന്യം അർഹിക്കുന്നുണ്ട്.

1877 കർക്കിടകം 2-ന് പാലക്കുന്നത്ത് മാർ മാത്യൂസ് അത്താനാസ്യോസ് കാലംചെയ്തു. തുടർന്ന്, തന്നെ മലങ്കര മെത്രാപ്പോലീത്തായായി അംഗീകരിക്കണമെന്നും മാർ മാത്യൂസ് അത്താനാസ്യോസ് ഏകപക്ഷീയമായി മെത്രാനായി വാഴിക്കുകയും വിൽപ്പത്രപ്രകാരം മലങ്കര മെത്രാപ്പോലീത്തായായി നിയമിക്കുകയും ചെയ്ത പാലക്കുന്നത്ത് തോമസ് അത്താനാസ്യോസിന്റെ കൈവശമുള്ള മലങ്കര സഭാ സ്വത്തുക്കളും മലങ്കര മെത്രാന്റെ സ്ഥാന ചിഹ്നങ്ങളും തനിക്ക് കൈവശപ്പെടുത്തിത്തരണമെന്നും പുലിക്കോട്ടിൽ മാർ ജോസഫ് ദീവന്നാസ്യോസ് അഞ്ചാമൻ ആലപ്പുഴ ജില്ലാ കോടതിയിൽ കൊല്ലവർഷം 1054-ൽ O.S.439 നമ്പറായി സിവിൽ വ്യവഹാരം ഫയൽ ചെയ്തു. ഈ വ്യവഹാരം വാദിക്ക് അനുകൂലമായി വിധിച്ചതിനേതുടർന്ന് പ്രതികളായ പാലക്കുന്നത്ത് തോമസ് അത്താനാസ്യോസ് മുതൽപേർ തിരുവിതാംകൂർ ഹൈക്കോടതിയിൽ 1059-ൽ A.S.137 നമ്പർ അപ്പീൽ ബോധിപ്പിച്ചു. അപ്പീൽ തള്ളി മാർ ജോസഫ് ദീവന്നാസ്യോസിന് അനുകൂലമായ ആലപ്പുഴ ജില്ലാ കോടതി വിധി ഹൈക്കോടതി സ്ഥിരപ്പെടുത്തി.

ഈ വിധിക്കെതിരെ വീണ്ടും പാലക്കുന്നത്ത് തോമസ് അത്താനാസ്യോസ് മുതൽപേർ തിരുവിതാംകൂർ റോയൽ കോടതിയിൽ 1061-ൽ മൂന്നാം നമ്പറായി അപ്പീൽ ഫയൽ ചെയ്തു. മഹാരാജാവിനുവേണ്ടി ജസ്റ്റീസുമാരായ കെ. കൃഷ്ണസ്വാമിറാവു, ഇ. ഓംസ്ബി, എ. സീതാരമയ്യർ എന്നിവർ വാദം കേട്ടു. കെ. കൃഷ്ണസ്വാമിറാവു, എ. സീതാരമയ്യർ എന്നിവർ അപ്പീൽ തള്ളിയും ഇ. ഓംസ്ബി തോമസ് അത്താനാസ്യോസിന് അനുകൂലമായും വിധിയെഴുതി. 1064 മിഥുനം 30-ന് തിരുവിതാംകൂർ മഹാരാജാവ് ഭൂരിപക്ഷ ബഞ്ചിന്റെ തീരുമാനം അംഗീകരിച്ച് വിധി പ്രഖ്യാപിച്ചു. *1889-ലെ റോയൽ കോടതി വിധി* എന്ന് അറിയപ്പെടുന്നത് ഈ വിധിന്യായമാണ്.

*1889-ലെ റോയൽ കോടതി വിധി*യിൽ സ്ഥാപിക്കപ്പെട്ടത് പ്രധാനമായും താഴെ പറയുന്ന വസ്തുതകളാണ്.

1. മലങ്കര മെത്രാൻ സ്ഥാനത്തിന് ജനത്തിന്റെ തിരഞ്ഞെടുപ്പും അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കൈവയ്പ്പും അത്യന്താപേഷിതമാണ്. അദ്ദേഹം ഒരു മലങ്കര സ്വദേശിയായിരിക്കണം.

2. മാർ ജോസഫ് ദീവന്നാസ്യോസിന് ഇവ രണ്ടും ഉള്ളതിനാലും തോമസ് അത്താനാസ്യോസിന് ഇവ രണ്ടും ഇല്ലാത്തതിനാലും പാലക്കുന്നത്ത് മാർ മാത്യൂസ് അത്താനാസ്യോസിന്റെ പിൻഗാമിയായ മലങ്കര മെത്രാപ്പോലീത്താ അസൽ വാദി - മാർ ജോസഫ് ദീവന്നാസ്യോസ് - ആണ്.

3. അതിനാൽ മലങ്കര സഭ സ്വത്തുക്കളും, പണവും, സ്ഥാന ചിഹ്നങ്ങളും, കൊച്ചി പഞ്ചായത്തുവിധി പ്രകാരമുള്ള വസ്തുക്കളും അസൽ പ്രതി, മാർ ജോസഫ് ദീവന്നാസ്യോസിന് കൈമാറണം.

4. മലങ്കരയിൽ മേല്പട്ടം നൽകാനും മൂറോൻ കൂദാശ ചെയ്യാനുമുള്ള അധികാരം അന്ത്യോഖ്യാ പാത്രിയർക്കീസിനാണ്.

5. അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ മലങ്കരയിലെ അധികാരം ആത്മീയ വിഷയങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. അദ്ദേഹത്തിന് ലൗകീക ഭരണത്തിൽ യാതൊരു സ്ഥാനവുമില്ല.

6. റിശീസാ പാത്രിയർക്കീസിനോ ഭരിക്കുന്ന മെത്രാനോ അവകാശപ്പെട്ടത് എന്ന് ഖണ്ഡിതമായി പറയാനാവില്ല.

പാലക്കുന്നത്ത് തോമസ് അത്താനാസ്യോസും സഹചാരികളും സമ്പൂർണ്ണമായി പരാജയപ്പെട്ടു എന്നതും പുലിക്കോട്ടിൽ മാർ ജോസഫ് ദീവന്നാസ്യോസ് അഞ്ചാമൻ മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്ത് സ്ഥിരപ്പെട്ടു എന്നതുമൊഴികെ ആർക്കും അഘോഷിക്കാൻ ഒന്നും അവശേഷിപ്പിച്ച ഒരു സമ്പൂർണ്ണ വിജയം *റോയൽ കോടതി വിധി*യിലൂടെ ലഭിച്ചില്ല എന്നതാണ് യാഥാർത്ഥ്യം. അത് മനസിലാക്കണമെങ്കിൽ അന്ത്യോഖ്യാ പാത്രിയർക്കീസ്, മാർ ദീവന്നാസ്യോസ് അഞ്ചാമൻ, പാലക്കുന്നത്ത് തോമസ് അത്താനാസ്യോസ് എന്നിവർ ഈ വിധിയിലൂടെ നേടാതെ പോയതെന്താണന്നു മനസിലാക്കണം.

1875-77 തന്റെ മലങ്കര പര്യടനകാലത്തുതന്നെ മലങ്കരയുടെ ലൗകീകഭരണം കൈയ്യടക്കാൻ പത്രോസ് ത്രിതീയൻ പാത്രിയർക്കീസ് ആവുംമട്ടു ശ്രമിച്ചിരുന്നു. 1876-ലെ രാജകീയ വിളംബരം മലങ്കരയുടെ ആത്മീയവും ലൗകീകവുമായ സർവാധികാരം തന്നിൽ നിക്ഷിപ്തമാക്കുമെന്ന് പാത്രിയർക്കീസ് പ്രതീക്ഷിച്ചു. പക്ഷേ മലങ്കര മെത്രാപ്പോലീത്താ സ്ഥാനതർക്കം സിവിൽ കോടതിയിൽ തീർപ്പാക്കത്തക്കവിധം പാലക്കുന്നത്ത് മാർ മാത്യൂസ് അത്താനാസ്യോസിനെ കോടതികൾക്കു വിധേയനാക്കുക മാത്രമാണ് രാജകീയ വിളംബരം ചെയ്തത്. ഇതിനേത്തുടർന്ന് ഭഗ്നാശനായ പാത്രിയർക്കീസ് താൻ വാഴിച്ച ആറു നവ മെത്രാന്മാരുടെ കയ്യിൽനിന്നും സമ്പൂർണ്ണ വിധേയത്വത്തിന്റെ ഉടമ്പടി രജിസ്റ്റർ ചെയ്തുവാങ്ങി. ചില ഇടവകപ്പള്ളികളിൽനിന്നും അത്തരം ഉടമ്പടി വാങ്ങാൻ പാത്രിയർക്കീസ് ശ്രമിച്ചു. പക്ഷേ മാർ ദീവന്നാസ്യോസ് അഞ്ചാമനോ മുളന്തുരുത്തി സുന്നഹദോസു രൂപം

കൊടുത്ത അസോസിയേഷൻ മാനേജിംഗ് കമ്മറ്റിയോ ഇത്തരം രജിസ്റ്റർ ഉടമ്പടി നൽകാൻ തയാറായില്ല. തന്റെ മടക്കയാത്രക്കു ശേഷവും പാത്രിയർക്കീസ് ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും മാനേജിംഗ് കമ്മറ്റി ഈ ആവശ്യം പരിഗണിച്ചില്ല.

ഈ നിലപാടിനെ ശരിവയ്ക്കുന്നതായിരുന്നു 1889 ജൂലൈ 12-ലെ റോയൽ കോടതി വിധി. ടി. വിധിയിൽ, പാത്രിയർക്കീസിനു മലങ്കരയിൽ ലൗകീകാധികാരം ഇല്ലെന്നും, റിശീസ പാത്രിയർക്കീസിനുള്ളതോ ഭരിക്കുന്ന മെത്രാനുള്ളതോ എന്നു പറയാനാവില്ലെന്നും, ജനങ്ങളുടെ തെരഞ്ഞെടുപ്പുകൂടാതെ വാഴിക്കപ്പെടുന്ന മെത്രാന്മാർക്ക് ഭരണാധികാരം ഇല്ലെന്നും നിശ്ചയിച്ചിരുന്നു. ഇത് മലങ്കരയിലെ പള്ളികളും സ്വത്തുക്കളും തനതു വകയെന്നു വിശ്വസിച്ചിരുന്ന പാത്രിയർക്കീസിനെ അക്ഷരാർത്ഥത്തിൽ ഞെട്ടിച്ചു. തന്റെ മലങ്കര പര്യടനകാലത്തടക്കം വിധേയത്വത്തിന്റെ ഉടമ്പടി നൽകുന്നതിന് വിസമ്മതിച്ചതിനാൽ ഈ പരാമർശനങ്ങൾക്കു പിന്നിലും മാർ ദീവന്നാസ്യോസ് അഞ്ചമനാണെന്ന് പാത്രിയർക്കീസ് വിശ്വസിച്ചു. ഇതിനെ തുടർന്ന് ലൗകീകാധികാരം മറ്റു മാർഗ്ഗങ്ങളിലൂടെ നേടിയെടുക്കാൻ അദ്ദേഹം ശ്രമമാരംഭിച്ചു. ഇതിന്റെ ഭാഗമായി 1892 നവംബർ ഏഴിന് മാർ ദീവന്നാസ്യോസ് കൊല്ലം കൊച്ചി ഇടവകകളിലൊഴികെ മറ്റൊരിടത്തും പ്രവേശിക്കരുതെന്ന് വിലക്കിക്കൊണ്ട് പാത്രിക്കീസ് കല്പന അയച്ചു. ഈ കല്പനയിൽ മാർ ദീവന്നാസ്യോസിനെതിരായി അനേകം ആരോപണങ്ങൾ ഉന്നയിക്കുകയും അസോസിയേഷൻ പ്രസിഡന്റ് സ്ഥാനത്തുനിന്നും അദ്ദേഹത്തെ നീക്കുകയും ചെയ്തിരുന്നു.

ഈ കല്പനയെപ്പറ്റി ആലോചിക്കാൻ 1892-നു കൊല്ലവർഷം 1068 വൃശ്ചികം 13-ന് കോട്ടയത്തു സെമിനാരിയിൽ കൂടിയ മാനേജിംഗ് കമ്മറ്റി താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു.

1. മാർ ദീവന്നാസ്യോസിനെപ്പറ്റിയുള്ള ആരോപണങ്ങൾ വ്യാജമാണ്.

2. അദ്ദേഹത്തെ പ്രസിഡന്റ് സ്ഥാനത്തുനിന്നു നീക്കാൻ സാദ്ധ്യമല്ല.

3. പാത്രിയർക്കീസ് ആവശ്യപ്പെട്ട പ്രകാരം ലൗകീകാധികാരം സമ്മതിച്ച് ഉടമ്പടി കൊടുക്കാൻ മാനേജിംഗ് കമ്മറ്റി തയ്യാറല്ല.

4. മാർ ദീവന്നാസ്യോസ് അസോസിയേഷൻ പ്രസിഡന്റ് എന്ന നിലയിൽ പൊതു മേലധികാരിയായിരിക്കും.

5. മലങ്കരയിൽനിന്നും പാത്രിയർക്കീസിന് എത്തുന്ന പരാതികൾ മാനേജിംഗ് കമ്മറ്റിയുടെ റിപ്പോർട്ടു പ്രകാരം മാത്രമേ തീരുമാനിക്കാവൂ.

താൻ വിധേയത്വത്തിന്റെ ഉടമ്പടി രജിസ്റ്റർ ചെയ്തു വാങ്ങിയവരിൽ പ. പരുമല തിരുമേനിയടക്കം അന്ന് ജീവിച്ചിരുന്ന എല്ലാ മെത്രാന്മാരും ഒപ്പുവെച്ച ഈ തീരുമാനം റോയൽ കോടതി വിധിയേക്കാൾ വലിയ പ്രഹരമാണ് പാത്രിയർക്കീസിന് ഏല്പിച്ചത്. ഈ തീരുമാനം മൂലം പാത്രിയർക്കീസിനുള്ളതായി വകവെച്ചിരുന്ന അപ്പീൽ അധികാരവും കൂടി ഫലത്തിൽ അസ്സോസിയേഷൻ മാനേജിംഗ് കമ്മറ്റി തിരിച്ചെടുത്തു.

അസ്സോസിയേഷൻ മാനേജിംഗ് കമ്മറ്റിയുടെ ഈ തീരുമാനം ഇല്ലങ്കിൽപോലും *1889-ലെ റോയൽ കോടതി വിധി* മൂലം സ്ഥാപിക്കപ്പെട്ട തന്റെ ആത്മീയ അധികാരം ഉപയോഗിക്കുന്നതിന് പാത്രിയർക്കീസിന് പരിമിതികളുണ്ടായിരുന്നു. മലങ്കരയിൽ മെത്രാൻ സ്ഥാനത്തിന് അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കൈവയ്പ്പുപോലെതന്നെ ജനത്തിന്റെ തിരഞ്ഞെടുപ്പും അത്യന്താപേഷിതമാണ ന്ന വിധിമൂലം ഏകപക്ഷീയമായി മെത്രാന്മാരെ വാഴിക്കുക പാത്രിയർക്കീസിനു അസാദ്ധ്യമായി. 1876-ൽത്തന്നെ മെത്രാൻ വാഴ്ചയ്ക്കു തങ്ങളുടെ സമ്മതം ആവശ്യമാണന്ന് മാനേജിംഗ് കമ്മറ്റി പാത്രിയർക്കീസിനെ മുഖദാവിൽ അറിച്ചിയിരുന്നതാണന്ന വസ്തുതയും ഇതോട് ചേർത്തു വായിക്കണം. മെത്രാൻ മലങ്കര സ്വദേശിയായിരിക്കണം എന്ന കൊല്ലം പഞ്ചായത്തു വിധി റോയൽ കോടതി ശരിവെച്ചതിനാൽ ഏതെങ്കിലും *ശീമബാവായെ* മലങ്കര *മേഞ്ഞു ഭരിപ്പാൻ* അയയ്ക്കുക എന്നതും നിയമവിരുദ്ധമായി.

തന്റെ മലങ്കര മെത്രാപ്പോലീത്താ സ്ഥാനം സ്ഥാപിച്ചുകിട്ടി എങ്കിലും മലങ്കരയുടെ സ്ഥാവര-ജംഗമ സ്വത്തുക്കൾ കൈവശം വന്നെങ്കിലും, മലങ്കരയുടെ ലൗകീകാധികാരം മലങ്കരയിൽ മാത്രമാണന്നു ഉറപ്പിച്ചുകിട്ടി എങ്കിലും മാർ ദീവന്നാസ്യോസ് അഞ്ചാമനും ദുഃഖിതനും ആശങ്കാകുലനുമായിരുന്നു. *1889-ലെ റോയൽ കോടതി വിധി* യേത്തുടർന്ന് പാലക്കുന്നത്ത് തോമസ് അത്താനാസ്യോസിന്റെ നേതൃത്വത്തിൽ ഒരു വിഭാഗം സഭവിട്ടുപോവുകയും *നവീകരണ സുറിയാനി സഭ* എന്ന പേരിൽ പുതിയൊരു സഭ സ്ഥാപിക്കുകയും ചെയ്തു. ഒരിക്കലും സംഭവിക്കരുതെന്ന് മാർ ദീവന്നാസ്യോസ് അഞ്ചാമൻ ആഗ്രഹിച്ച ഒന്നായിരുന്നു ഇത്. നസ്രാണി സമൂഹത്തിലെ പിളർപ്പ് ഒഴിവാക്കാൻ പരമാവധി വിട്ടുവീഴ്ചകൾക്ക് അദ്ദേഹം തയാറായിരുന്നു. അദ്ദേഹം വിളിച്ചുചേർത്ത 1873-ലെ പരുമല സുന്നഹദോസിന്റെ ഒന്നാം നിശ്ചയംതന്നെ എതിർ വിഭാഗത്തെ അനുനയിപ്പിച്ച് ഒരുമിച്ച് കൊണ്ടുവരിക എന്നതായിരുന്നു.

1889-ൽ തിരുവിതാംകൂർ റോയൽ കോടതിയുടെ അന്തിമവിധി വരുന്നതിന് തൊട്ടുമുമ്പ് തിരുവിതാംകൂർ മഹാരാജാവ് ഒരു അനുരജ്ഞന ശ്രമം നടത്തി. റോയൽ കോടതി വിധി എന്താണന്ന് അറിയാതെതന്നെ എതിർവിഭാഗം തലവൻ പാലക്കുന്നത്ത് തോമസ് അത്താനാസ്യോസ് സത്യവിശ്വാസം സ്വീകരിക്കുന്നപക്ഷം അദ്ദേഹത്തിനായി താൻ മലങ്കര മെത്രാൻസ്ഥാനം ഒഴിഞ്ഞുകൊടുക്കാൻ തയ്യാറാണെന്ന് മാർ ദീവന്നാസ്യോസ് അഞ്ചാമൻ തിരുവിതാംകൂർ മഹാരാജാവിനെ അറിയിച്ചു. അപ്രതീക്ഷിതമായ ഈ ഹൃദയവിശാലത മഹാരാജാവിനെ സന്തോഷിപ്പിച്ചെങ്കിലും തോമസ് അത്താനാസ്യോസ് ഈ വാഗ്ദാനം നിരസിച്ചു. അതോടെ സഭയിൽ പിളർപ്പ് അനിവാര്യമായി. മാർ ദീവന്നാസ്യോസ് അഞ്ചാമനെ ഏറെ ദുഖിപ്പിച്ച ഒരു സംഭവമായിരുന്നു ഇത്.

*1889-ലെ റോയൽ കോടതി വിധി*മൂലം അന്ത്യോഖ്യാ പാത്രിയർക്കീസിനു കരഗതമായ ആത്മീയ അധികാരം മാർ ദീവന്നാസ്യോസ് അഞ്ചാമനെ ആശങ്കാകുലനാക്കി. പതിനെട്ടാം നൂറ്റാണ്ടിന്റെ മദ്ധ്യം മുതലുള്ള സംഭവ പരമ്പരമൂലം തന്റെ ആത്മീയ അധികാരത്തിന്റെ പരിധിയിൽവരുന്ന മേല്പട്ടസ്ഥാനം, വി. മൂറോൻ എന്നിവവെച്ച് പാത്രിയർക്കീസ് ഭാവിയിൽ വിലപേശുമെന്ന് അദ്ദേഹത്തിനു വ്യക്തമായിരുന്നു. മലങ്കരസഭയിൽ ഇത്തരമൊരു ദുരവസ്ഥയ്ക്കു കാരണമായത് പാലക്കുന്നത്ത് മാർ

മാത്യൂസ് അത്താനാസ്യോസിന്റെ അധികാരമോഹമായിരുന്നു.

മലങ്കര നസ്രാണികളുടെ ഭരണാധികാരം കൈക്കലാക്കാൻ പതിനെട്ടാം നൂറ്റാണ്ടിന്റെ മദ്ധ്യം മുതൽ അന്ത്യോഖ്യാ പാത്രിയർക്കീസുമാർ ശ്രമിച്ചുവന്നെങ്കിലും വിജയംവരിച്ചില്ല. 1843 വരെയുള്ള സ്ഥിതി ഇതായിരുന്നു. മലങ്കരയിൽ ഏതെങ്കിലും വിധത്തിലുള്ള അധികാരം അന്ത്യോഖ്യാ പാത്രിയർക്കീസിനുണ്ടന്നു സ്ഥാപിക്കപ്പെട്ടത് പാലക്കുന്നത്ത് മാർ മാത്യൂസ് അത്താനാസ്യോസ് മൂലമാണ്. മലങ്കരയ്ക്ക് മറ്റൊരു മെത്രാന്റെ യാതൊരു ആവശ്യവുമില്ലാതിരിക്കെയാണ് അദ്ദേഹം സ്വന്ത താല്പര്യപ്രകാരംമാത്രം അന്ത്യോഖ്യാ പാത്രിയർക്കീസിനെ സമീപിക്കുന്നതും 1843-ൽ മേല്പട്ടക്കാരനായി തിരിച്ചെത്തുന്നതും. അന്ത്യോഖ്യാ പാത്രിയർക്കീസിനാൽ പട്ടം കെട്ടപ്പെട്ട മലങ്കരയിലെ ആദ്യ വ്യക്തിയായിരുന്നു അദ്ദേഹം. ജനങ്ങളുടെ തിരഞ്ഞെടുപ്പില്ലാത്ത മാർ മാത്യൂസ് അത്താനാസ്യോസിന് മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തിന് അവകാശവാദമുന്നയിക്കുവാൻ യാതൊരു നൈയാമിക പിൻബലവും കീഴ്നടപ്പുമില്ലായിരുന്നു. പക്ഷേ തന്നെ മലങ്കര മെത്രാനായി പാത്രിയർക്കീസ് നിയമിച്ചിട്ടുണ്ടന്നും, അതിനുള്ള അധികാരം അന്ത്യോഖ്യാ പാത്രിയർക്കീസിനാണന്നും നിലവിലിരുന്ന പാരമ്പര്യത്തിനു കടകവിരുദ്ധമായി അദ്ദേഹം വാദിച്ചു. മലങ്കരയുടെമേൽ അധികാരമുറപ്പിക്കാൻ തക്കംപാർത്തിരുന്ന അന്ത്യോഖ്യ പാത്രിയർക്കീസ് ഈ സമയംനോക്കി മാർ യൂയാക്കീം കൂറിലോസെന്ന അന്ത്യോഖ്യൻ മെത്രാനെ കേരളത്തിലേയ്ക്കയച്ചു. അന്ന് മലങ്കര മെത്രാനായിരുന്ന ചേപ്പാട്ട് മാർ ദീവന്നാസ്യോസ് നാലാമൻ അധികാരമൊഴിയാൻ സന്നദ്ധത പ്രകടിപ്പിക്കുകയും മാർ അത്താനാസ്യോസും മാർ കൂറിലോസും ആ സ്ഥാനത്തിന് അവകാശവാദം ഉന്നയിക്കുകയും ചെയ്തതോടെ പ്രശ്നം സിവിൽ കോടതിയുടെ തീർപ്പിനുവിട്ടു.

മലങ്കര മെത്രാൻ സ്ഥാനത്തിന് മാർ അത്താനാസ്യോസും മാർ കൂറിലോസും ഉയർത്തിയ അവകാശ വാദങ്ങൾ പരിഗണിച്ചത് തിരുവിതാംകൂർ സർക്കാർ നിയമിച്ച കൊല്ലം പഞ്ചായത്തു കോടതിയാണ്. ഇരു കക്ഷികളും തങ്ങളുടെ സ്ഥാനം അവകാശപ്പെട്ടത് *പാത്രിയർക്കീസിന്റെ നിയമനം* എന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമായിരുന്നു. അതിനാൽ പാത്രിയർക്കീസിന് അതിന് അധികാരമുണ്ടോ എന്ന വിഷയം അവിടെ പരിഗണനയ്ക്കു വന്നില്ല. മറ്റൊരുവാദവും ഉയർത്താൻ ഇരു കക്ഷികൾക്കും ഉണ്ടായിരുന്നില്ലതാനും. മലങ്കര മെത്രാൻ ഒരു സ്വദേശി ആയിരിക്കണം എന്നതിനാൽ മാർ അത്താനാസ്യോസിന് അനുകൂലമായി വിധിപ്രസ്ഥാവിച്ചു. ഈ വിധിയുടെ അടിസ്ഥാനത്തിൽ 1852 കർക്കിടകമാസം 15-നു തിരുവിതാംകൂർ സർക്കാർ അദ്ദേഹത്തെ മലങ്കര മെത്രാപ്പോലീത്തായായി നിയമിച്ചുകൊണ്ടുള്ള തിരുവെഴുത്തുവിളംബരം പുറപ്പെടുവിച്ചു. പതിവിനു വിപരീതമായി അതിൽ ... *അന്ത്യോഖ്യയിൽനിന്നും എഴുത്തും വാങ്ങിച്ചുകൊണ്ടു വന്നിരിക്കുന്ന* ... എന്നു ചേർത്തതോടെ മുൻപതിവില്ലാത്ത അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ നിയമനാധികാരത്തിനു രേഖീയ പിൻബലമായി. ഇതാണ് 1889-ൽ റോയൽ കോടതി വിധിയിൽ സ്ഥിരപ്പെട്ടത്.

പാത്രിയർക്കീസിന്റെ *ആത്മീയ വിലപേശൽ* ഇല്ലാതാക്കേണ്ടത് അനിവാര്യമാണന്നു മാർ ദീവന്നാസ്യോസ് അഞ്ചാമനു വ്യക്തമായിരുന്നെങ്കിലും അതു ക്ഷിപ്രസാദ്ധ്യമായിരുന്നില്ല എന്ന വസ്തുതയാണ് അദ്ദേഹത്തെ ആശങ്കാകുലനാക്കിയത്. മാർ മാത്യൂസ് അത്താനാസ്യോസ് മലങ്കര മെത്രാൻ സ്ഥാനം ലഭിക്കാൻ പാത്രിയർക്കീസിന് അടിയറവെച്ചതും 1899-ലെ റോയൽ കോടതിവിധിമൂലം സ്ഥിരപ്പെട്ടതുമായ ആത്മീയ അധികാരം മലങ്കരയിൽ മടക്കിക്കൊണ്ടുവരിക മാത്രമാണ് ഇതിനുള്ള ഏക പോംവഴി എന്നദ്ദേഹം മനസിലാക്കി. റോയൽ കോടതി വിധിയുടെ പശ്ചാത്തലത്തിൽ പാത്രിയർക്കീസ് സ്വമേധയാ വിട്ടുനൽകാതെ ഏകപക്ഷീയമായി ആത്മീയ അധികാരം മടക്കിക്കൊണ്ടുവരിക അസാദ്ധ്യമായിരുന്നു. നിയമദൃഷ്യാ സാധുവാകണമെങ്കിൽ അപ്പോഴേയ്ക്കും മലങ്കരയിൽ ഉറച്ചിരുന്ന പാശ്ചാത്യ സുറിയാനി സഭാവിജ്ഞാനീയം എന്ന നിയമവ്യവസ്ഥയ്ക്കുള്ളിൽ നിന്നുമാത്രംവേണം ഈ തിരിച്ചുവരവ് നടത്താൻ. അന്ത്യോഖ്യൻ സഭയുടെ അടിസ്ഥാന നിയമസംഹിതയായ ഹൂദായ കാനോൻ പ്രകാരം പാത്രിയർക്കീസ്, മഫ്രിയാനാ, മെത്രാപ്പോലീത്താ എന്നിവർക്കു മേല്പട്ടം കൊടുക്കുവാനും വി. മൂറോൻ കൂദാശ ചെയ്യുവാനും അധികാരമുണ്ടങ്കിലും അന്ത്യോഖ്യാ സഭ നൂറ്റാണ്ടുകളായി മെത്രാപ്പോലീത്തന്മാരെ ഇതിനനുവദിക്കാറില്ല. അതിനാൽ മലങ്കര മെത്രാപ്പോലീത്തായ്ക്ക് ഈ അധികാരങ്ങൾ ഉപയോഗിക്കുവാനവുമായിരുന്നില്ല. ഈ സാഹചര്യത്തിലുണ്ടായിരുന്ന ഏക പോംവഴി മദ്ധ്യപൗരസ്ത്യ ദേശത്ത് അസ്തമിച്ചുപോയ മഫ്രിയാനാ - കാതോലിക്കാ - സ്ഥാനം മലങ്കരയിൽ സ്ഥാപിക്കുക എന്നതായിരുന്നു.

മാർ ദീവന്നാസ്യോസ് അഞ്ചാമൻ ഇതിനായി പരിശ്രമിച്ചെങ്കിലും തന്റെ ജീവിതകാലത്ത് അത് സഫലമായില്ല. പക്ഷേ പിന്നീട് 1912-ൽ അന്ത്യോഖ്യയുടെ പ. ഇഗ്നാത്തിയോസ് അബ്ദൽ മ്ശീഹാ ദ്വിതീയൻ പാത്രിയർക്കീസ് മലങ്കരയിലെത്തി പിന്തുടർച്ചാവകാശത്തോടെ കാതോലിക്കേറ്റ് സ്ഥാപിക്കുകയും പാലക്കുന്നതു മാർ മാത്യൂസ് അത്താനാസ്യോസു മൂലവും 1889-ലെ റോയൽ കോടതി വിധിമൂലവും തനിക്ക് കരഗതമായ മലങ്കരയുടെ ആത്മീയ അധികാരം നിരുപാധികം മടക്കിനൽകുകയും ചെയ്തു. 1889-ലെ റോയൽ കോടതി വിധി മുതൽ 1909-ൽ താൻ കാലം ചെയ്യുന്നവരെ മാർ ദീവന്നാസ്യോസ് അഞ്ചാമനെ ആശങ്കയിലാഴ്ത്തിയ ഒന്നായിരുന്നു റോയൽ കോടതി വിധിയിലെ പാത്രിയർക്കീസിന്റെ അത്മീയ അധികാരം.

പിതൃസഹോദര പുത്രനായ പാലക്കുന്നത്ത് മാർ മാത്യൂസ് അത്താനാസ്യോസിനു പറ്റിയ രണ്ടു വീഴ്ചകളാണ് റോയൽ കോടതി വിധിയിൽ തോമസ് അത്താനാസ്യോസിനു വിനയായത്. ഒന്നാമതായി, അദ്ദേഹം സ്വസ്ഥാനമുറപ്പിക്കാൻ അന്ത്യോഖ്യാ പാത്രിയർക്കീസിനു മലങ്കരയുടെമേൽ ഇല്ലാത്ത അധികാരം ഉണ്ടന്നു വകവെച്ചുകൊടുത്തു. രണ്ടാമത്, നാമമാത്രമായെങ്കിലും തോമസ് അത്താനാസ്യോസിന് ഒരു തിരഞ്ഞെടുപ്പ് നടത്താൻ - ജനത്തിന്റെ അംഗീകാരം തേടാൻ - അദ്ദേഹം തയാറായില്ല. 1870-നു കൊല്ലം 1045 മകരം 23-നു കോട്ടയത്തു സെമിനാരിയിൽ *മലങ്കര പള്ളിയോഗ*വും അതേ വർഷം മിഥുനം 22-നു *ആലോചനക്കൂട്ടവും* കൂടിയിരുന്നു എന്ന വസ്തുത ഈ ഉദാസീനതയുടെ ഗൗരവം വർദ്ധിപ്പിക്കുന്നു. ഇത് റോയൽ കോടതി വിധിയിലെ സമ്പൂർണ്ണ പരാജയത്തിനു കാരണമായി. ഇതോടൊപ്പം മഹാരാജാവിന്റെ അനുരഞ്ജനശ്രമത്തോടും മാർ ദീവന്നാസ്യോസ് അഞ്ചാമന്റെ വാഗ്ദാനത്തോടും കാണിച്ച നിഷേധാത്മകമായ നിലപാട് ആത്യന്തികമായി 1889-ൽ പുതിയൊരു സഭ സ്ഥാപിച്ച് മലങ്കര സഭയിൽ നിന്നും പിരിഞ്ഞുപോകാൻ തോമസ് അത്താനാസ്യോസിനേയും അനുചരന്മാരെയും നിർബന്ധിതരാക്കി.

പിന്നീട് *മലങ്കര മാർത്തോമ്മാ സഭ* എന്നു നാമഭേദം വരുത്തിയ *നവീകരണ സുറിയാനി സഭ*യുടെ സ്ഥാപന കാലം മുതൽ റോയൽ കോടതിയിൽ തോമസ് അത്താനാസ്യോസിന് അനുകൂലമായ നിലാടെടുത്ത ജസ്റ്റീസ് ഇ. ഓംസ്ബി എന്ന ബ്രിട്ടീഷ് ജഡ്ജിയുടെ വിധിയെ അവരിൽ ചിലർ പുകഴ്ത്തുന്നുണ്ട്. ഇത് തികച്ചും നിരർത്ഥകവും ബാലിശവുമായ കാഴ്ചപ്പാടാണ്.

നീതിന്യായ വ്യവസ്ഥയിൽ ന്യായാധിപന്മാരുടെ ഭൂരിപക്ഷാഭിപ്രായമാണ് പ്രാബല്യത്തിൽ വരിക എന്ന് കേവലജ്ഞാനമുള്ള ആർക്കും അറിവുള്ളതാണ്. മലങ്കര സഭാകേസിൽ 1995 സുപ്രീം കോടതിയിൽ പോലും ഇതു സംഭവിച്ചു. ഡിവിഷൻ ബഞ്ചിലെ പ്രിസൈഡിംഗ് ജഡ്ജി ജ. ആർ. എം. സഹായ് ഒറ്റയ്ക്കും, ഇതര അംഗങ്ങളായ ജ. ബി. പി. ജീവൻ റെഡ്ഡി, ജ. സുഹാസ് സി. സെൻ എന്നിവർ സംയുക്തമായുമാണ് വിധിയെഴുതിയത്. ഇവയിൽ പരസ്പര വൈരുദ്ധ്യമുള്ള പോയിന്റുകളിൽ ഭൂരിപക്ഷ ബഞ്ചിന്റെ വിധിയാണ് പ്രാബല്യത്തിലെത്തിയത്.

മാത്രമല്ല, ആലപ്പുഴ ജില്ലാ കോടതി, തിരുവിതാംകൂർ ഹൈക്കോടതി, റോയൽ കോടതിയുടെ ഭൂരിപക്ഷ ബഞ്ച് എന്നിങ്ങനെ ഈ വ്യവഹാരം കടന്നുപോയ എല്ലാ തലങ്ങളിലും സമ്പൂർണ്ണ പരാജയം ഏറ്റുവാങ്ങിയ പാലക്കുന്നത്ത് തോമസ് അത്താനാസ്യോസിനോ കൂട്ടാളികൾക്കോ ജ. ഇ. ഓംസ്ബിയുടെ ഒറ്റപ്പെട്ട ന്യൂനപക്ഷവിധിയെ ഒരു തങ്ങൾക്കുള്ള ന്യായീകരണമായി കാണാനാവില്ല. അക്കാലത്തെ *ഏക ക്രൈസ്തവ ജഡ്ജിയുടെ നീതിപൂർവമായ വിധി* എന്ന മട്ടിലൊക്കെയുള്ള ചില പമർശനങ്ങൾ ജ. ഓംസ്ബിയുടെ വിധിയേപ്പറ്റി അക്കാലത്തുയർന്ന ചില ദുഃസൂചനകൾ ശരിവയ്ക്കുകയും ചെയ്യുന്നുണ്ട്.

പാലക്കുന്നത്ത് മാർ മാത്യൂസ് അത്താനാസ്യോസ് മലങ്കര മെത്രാൻ സ്ഥാനത്തെത്താൻ സ്വീകരിച്ച വക്രമാർഗ്ഗമാണ് 1889-ലെ റോയൽ കോടതി വിധിയിൽ അവസാനിച്ചത്. പക്ഷേ ഇതിനു കൊടുക്കേണ്ടിവന്ന വില ഭീമമായിരുന്നു. അടിയറ വെച്ച ആത്മീയ അധികാരം തിരച്ചുകിട്ടാൻ കാൽ ശതാബ്ദം - 1912 വരെ - മലങ്കരസഭയ്ക്കു പൊരുതേണ്ടിവന്നു. അതു നില നിർത്താൻ ഇന്നും പൊരുതേണ്ടി വരുന്നു. പരാജിത വിഭാഗത്തിന് നസ്രാണികൾക്കിടയിൽ ഒരു പിളർപ്പുകൂടി ഉണ്ടാക്കി *മലങ്കര മാർത്തോമ്മാ സഭ* സ്ഥാപിച്ചു പിരിഞ്ഞു പോകേണ്ടി വന്നു. ഇതിൽ ആർക്ക് എന്ത് ആഘോഷിക്കാനിരിക്കുന്നു?